മംഗളം

2 December 2016

# സമുദ്രജീവികളുടെ വർഗീകരണത്തിന്

## ഇന്ത്യ ഊന്നൽ നൽകണം: യു.എസ് ഗവേഷകൻ

കൊച്ചി: സമുദ്ര ആവാസ വ്യവസ്ഥയിലെ വിവിധ ജീവിവർഗങ്ങളെ വേർതിരിക്കുന്നതിനുള്ള വർഗീകരണ പഠനത്തിന് (ടാക്സോണമി) ഇന്ത്യ ഊന്നൽ നൽകണമെന്ന് യു.എസ് ജൈവ വൈവിധ്യ ഗവേഷകൻ ഡോ. ഗുസ്താവ് പൗലേ.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) ശാസ്ത്രജ്ഞരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. ഫ്ളോറിഡ സർവകലാശാലയുടെ ഭാഗമായ ഫ്ളോറിഡ മ്യൂസിയം ഓഫ് നാച്ചുറൽ ഹിസ്റ്ററിയിൽ ക്യുറേറ്റർ ആണ് ഡോ. ഗുസ്താവ്.

80 ശതമാനത്തോളം സമുദ്രജീവികൾ ഇപ്പോഴും തരംതിരിക്കപ്പെട്ടിട്ടില്ല.

സാങ്കേതിക വിദ്യകളിൽ വലിയ മുന്നേറ്റമുണ്ടായെങ്കിലും സമുദ്രജൈവ വൈവിധ്യം ശാസ്ത്രീയമായി പഠനവിധേയമാക്കുന്നതിൽ ഏറെ പിന്നിലാണ്. അറ്റ്ലാന്റിക്, പസഫിക് സമുദ്രങ്ങളെ അപേക്ഷിച്ച് ഇന്ത്യൻ മഹാസമുദ്രത്തിലെ ജൈവ വൈവിധ്യത്തെക്കുറിച്ചും ഇനിയും ഏറെ പഠനം നടത്തേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

പവിഴപ്പുറ്റുകൾ പോലുള്ള സമുദ്ര ജൈവ വൈവിധ്യങ്ങൾ സംരക്ഷിക്കുന്നതിന് പൊതുജനങ്ങളെ കൂടി ഉൾപ്പെടുത്തിയുള്ള ബയോബ്ലിറ്റ്സ് ആശയം പ്രോത്സാഹിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.